**<u>യു.എസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ലെഫ്റ്റനന്റ് ജനറല് എച്ച്. ആര് മക്മാസ്റ്റര്, പ്രധാനമന്ത്രിയുമായി  കൂടിക്കാഴ്ച നടത്തി.</u>**

ഏപ്രില്  18, 2017

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായി യു.എസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ലെഫ്റ്റനന്റ് ജനറല് എച്ച്. ആര് മക്മാസ്റ്റര്, ഇന്ന് കൂടിക്കാഴ്ച നടത്തി.

പ്രസിഡണ്ട് ഡൊണാള്‍ഡ് ട്രംപിന്റെ ആശംസകള് ലെഫ്റ്റനന്റ് ജനറല് എച്ച്. ആര് മക്മാസ്റ്റര്, പ്രധാനമന്ത്രിയെ അറിയിച്ചു. പ്രസിഡണ്ട് ട്രംപുമായി താന് നടത്തിയ സകാരാത്മകമായ ടെലിഫോണ് സംഭാഷണം ഇന്ത്യാ- യു എസ് ഇടപാടുകളിലെയും  ഉയര്‍ച്ചക്കും തന്ത്രപ്രധാന പങ്കാളിത്തത്തിനും ഇരു ഭാഗവും നല്‍കുന്ന പ്രാധാന്യത്തെ ഉറപ്പാക്കുവാനിടയാക്കി എന്നും പ്രധാനമന്ത്രി ഓര്‍ത്തു

അഫ്ഗാനിസ്ഥാനിലും , പശ്ചിമ ഏഷ്യ, ഡിപിആര്‍കെ ഉള്‍പ്പെടെയുള്ള വിപുലീകരിച്ച മേഖലകളിലുമുള്ള സുരക്ഷാ സ്ഥിതിവിശേഷത്തെ കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് ലെഫ്റ്റനന്റ് ജനറല് എച്ച്. ആര് മക്മാസ്റ്റര് പ്രധാനമന്ത്രിയുമായി പങ്ക് വച്ചു. തീവ്രവാദത്തിന്റെ വെല്ലുവിളികളെ കാര്യക്ഷമമായി അഭിമുഖീകരിക്കുവാന് ഇരു രാജ്യങ്ങള്‍ക്കും സംയുക്തമായി പ്രവര്‍ത്തിക്കാന് എങ്ങിനെ സാധിയ്ക്കും , മേഖലയില് സമാധാനം, സുരക്ഷാ, സ്ഥിരത എന്നിവ വര്‍ദ്ധിപ്പിക്കുക , തുടങ്ങിയ കാഴ്ചപ്പാടുകള് അവര് സംഭാഷണത്തില് പങ്ക് വച്ചു

ന്യൂഡെല്‍ഹി
ഏപ്രില്  18, 2017